സ.ഉ.(സാധാ) നം.2559/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീ. കെ.ടി.ബാലഭാസ്കരനെ ശുചിത്വ മിഷൻ മാനേജിംഗ് ഡയറക്ടറായി നിയമിച്ച ഉത്തരവിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2559/2022/LSGD തീയതി,തിരുവനന്തപുരം, 21-10-2022

പരാമർശം:-

1. സ.ഉ(സാധാ) നം. 195/2022/തസ്വഭവ തീയതി 29.01.2022
2. സ.ഉ(സാധാ) നം. 196/2022/തസ്വഭവ തീയതി 31.01.2022
3. കെ.എസ്.ബി.സി.ഡി.സി മാനേജിംഗ് ഡയറക്ടറുടെ 18/06/2022ലെ 2423/ഇ1/20166/കെ.എസ്.ബി.സി.ഡി.സി നമ്പർ കത്ത്.
4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.4.2022, 21/06/2022 ലെ 347/ബി/2022/എസ്.എം. നമ്പർ കത്ത്.

ഉത്തരവ്

മേൽപരമാർശം (1), (2) ഉത്തരവുകൾ പ്രകാരം കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. കെ.ടി. ബാലഭാസ്കരനെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിക്കുകയുണ്ടായി.

2. പരമാർശം (1) പ്രകാരം ശ്രീ. കെ.ടി. ബാലഭാസ്കരനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചതായി കണക്കാക്കി മേൽ ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

3. കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. കെ.ടി. ബാലഭാസ്കരനെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിച്ച പരാമർശം (1), (2) ഉത്തരവുകൾ പ്രകാരമുള്ള ടിയാന്റെ നിയമനരീതി അന്യത്രസേവനവ്യവസ്ഥയിലുള്ള നിയമനമായി കണക്കാക്കുന്നതായും അന്യത്രസേവനം സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകളും നിബന്ധനകളും പ്രകാരം ടിയാന് കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ ലഭിക്കുമായിരുന്ന ശമ്പള സ്കെയിലിൽ ഫിക്സ് ചെയ്ത ശമ്പളവും അലവൻസുകളും ശുചിത്വ മിഷനിലെ അന്യത്രസേവന കാലയളവിൽ അനുവദിക്കേണ്ടതാണ് എന്നും ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

4. പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സ.ഉ.(സാധാ) നം.2559/2022/LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, തിരുവനന്തപുരം
പൊതുഭരണ (AIS) വകുപ്പ്
പിന്നോക്ക വിഭാഗ വികസന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/4/2022/LSGD)

ഉത്തരവിൻ പ്രകാരം

Signed by Vijitha M B
Date: 22-10-2022 12:03:57
സെക്ഷൻ ഓഫീസർ